കർഷകർക്ക് കടാശ്വാസം നൽകുന്നതിന് നടപടി

131 [1360] ശ്രീ. എ. സി. മൊയ്തീൻ :
,, കെ. രാധാകൃഷ്ണൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് കടാശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൻ പ്രകാരം കർഷകർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ഉത്തരവുകൾ എന്നു മുതലാണ് പ്രാബല്യത്തിൽ വന്നതെന്നും ഇതിന്റെ കാലദൈർഘ്യം എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) ഈ ഉത്തരവുകൾ അംഗീകരിക്കാതെ കർഷകരുടെ കടങ്ങൾ നിർബന്ധമായി പിരിച്ചെടുക്കുന്ന ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ നിലപാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ആന്റ് (ബി) 17-2-2005-ലെ ജി. ഒ. (എംഎസ്.) 49/05/റവന്യൂ ഉത്തരവിൻ പ്രകാരം കർഷകർക്ക് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള താഴെപ്പറയുന്ന കർമ്മ പദ്ധതികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) നിയമത്തിൽ കർഷകൻ എന്ന നിർവ്വചനത്തിൽ വരുന്ന 29-12-2001-ന് ശേഷം സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിലനിന്ന 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് അനുവദിച്ചിരുന്ന മോറട്ടോറിയം കാലാവധിയിൽ പലിശയിളവ്ചെയ്ത് ലഭിക്കുന്നതിന് പ്രസ്തുത കർഷകർ കടം വാങ്ങിയിട്ടുള്ള സഹകരണ സംഘങ്ങളിൽ 28-2-2005-നകം ഇതിലേക്ക് അപേക്ഷ നൽകേണ്ടതാണ്.

2. മേൽ ഖണ്ഡിക പ്രകാരം ലഭിക്കുന്ന ഓരോ അപേക്ഷയും ബന്ധപ്പെട്ട സഹകരണ സംഘങ്ങളും പരിശോധിച്ച് ടി അപേക്ഷ ലഭിച്ച തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ പലിശയിളവ് നൽകിയ വിവരം രേഖപ്പെടുത്തണം.

3. പ്രസ്തുത എല്ലാ അപേക്ഷകളുടേയും പൂർണ്ണ വിവരവും ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിന് പലിശയിളവ് നൽകിയതിൽ വന്ന നഷ്ടത്തിന് തുല്യമായ തുക ലഭ്യമാക്കുന്നതിനുള്ള അപേക്ഷയും സഹകരണസംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിന്റ് രജിസ്ട്രാർ മുഖാന്തിരവും അതത് ജില്ലാ കളക്ടർക്ക് 10-3-2005-നകം സമർപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതാണ്. ഇതുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാകളക്ടർ പരിശോധിക്കേണ്ടതും കളക്ടറുടെ ശുപാർശയോടുകൂടി 15-3-2005-നകം ക്രോഡീകരിച്ച പട്ടിക സർക്കാരിലേക്ക് അയയ്ക്കേണ്ടതുമാണ്.

4. 9-6-2004-ലെ ജി. ഒ. (എംഎസ്.) 194/04/റവന്യൂ ഉത്തരവിൻ പ്രകാരം സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് 23-1-2004 മുതൽ 23-1-2005 വരെയുള്ള പലിശയും ഇളവ് ചെയ്യുന്നതായിരിക്കും.

5. 15-10-2004-ലെ ജി. ഒ. (എംഎസ്.) 310/04/റവന്യൂ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകർക്കുവേണ്ടി സമാശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം വയനാട് ജില്ലയിലെ കർഷകർ വിവിധ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും 2000-ന് ശേഷം എടുത്തിട്ടുള്ള 50,000 (അമ്പതിനായിരം രൂപ) വരെയുള്ള കാർഷിക വായ്പകൾക്ക് മൂന്ന് വർഷത്തേക്ക് സർക്കാർ ഏറ്റെടുത്ത പലിശ ബാദ്ധ്യത ലഭിക്കുന്നതിനുള്ള അപേക്ഷ അതത് ബാങ്കുകൾ മുഖാന്തിരമോ അതത് സഹകരണ സ്ഥാപനങ്ങൾ മുഖാന്തിരമോ നൽകേണ്ടതാണ്. 50,000 രൂപയിൽ കൂടുതൽ തുക വായ്പ എടുത്തിട്ടുള്ളവർക്ക് 50,000 രൂപ വരെയുള്ള തുകയ്ക്ക് ഈ ആനുകൂല്യം ലഭ്യമാക്കും. വായ്പയ്ക്ക് പലിശ അടച്ചുതീർത്ത കർഷകർക്ക് അവർ നൽകിയ പലിശയ്ക്ക് തുല്യമായ തുക അവരുടെ ബാങ്ക് അക്കൗണ്ടുകൾ വഴി നൽകും. ബാങ്ക് അക്കൗണ്ടുകൾ വഴി തുക ലഭിക്കുന്നതിന് ഇതിനുള്ള അപേക്ഷകൾ വായ്പ എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ സാക്ഷ്യപത്രത്തോടുകൂടി വയനാട് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വയനാട് ജില്ലാ കളക്ടർ ഇതു സംബന്ധിച്ച ക്രോഡീകരിച്ച പട്ടിക ശുപാർശയോടുകൂടി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണ്. ഈ ആനുകൂല്യം 2005 മാർച്ച് 31-ന് മുമ്പ് വാങ്ങിയിരിക്കേണ്ടതാണ്.

(സി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

(ഡി) സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

സർവ്വീസ് കേസുകൾ

132 [1361] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാരിന് എതിരായ പരാമർശങ്ങൾ നടത്തിക്കൊണ്ട് ഗവൺമെന്റ് നിലപാടുകൾക്കെതിരെ വിവിധ കോടതികൾ എത്ര കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസുകളിൽ സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകർ ആരൊക്കെയാണ് ; അനുകൂല വിധി ലഭിക്കാത്ത കേസുകളിലെ അഭിഭാഷകരെ ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം എന്നറിയിക്കുമോ ;

(സി) സർക്കാരിനുവേണ്ടി വിവിധ കോടതികളിൽ ഹാജരായ അഭിഭാഷകർക്ക് എത്ര രൂപ പ്രതിഫലം നൽകിയിട്ടുണ്ട് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസുകളിൽ കോടതി നടപടികൾ ഒഴിവാക്കുന്നതിനും പിൻവലിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly